"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്ത് - 2006-07 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-1 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.2438/13/തസ്വഭവ. തിരുവനന്തപുരം, തീയതി:30/09/2013

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/11/2012-ലെ എം3-32677/12 നമ്പർ കത്ത്.

2) 24/06/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്. 26276/പിറ്റി3/2012 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം, ബജറ്റിൽ ഉൾപ്പെടുത്താത്തതോ വകയിരുത്തിയതിൽ കവിഞ്ഞതോ ആയ 34,32,427/- (മുപ്പത്തിനാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നാനൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിച്ചിരുന്നു.

ആറളം ഗ്രാമപഞ്ചായത്തിൽ 2006-07 വർഷത്തെ പദ്ധതികൾ തയ്യാർ ചെയ്ത് നടപ്പിലാക്കിയപ്പോൾ ബജറ്റ് യഥാസമയം പുതുക്കുന്നതിന് വിട്ടു പോവുകയും 34,32,427/- രൂപ ബജറ്റിൽ വകയിരുത്താതെയും വകയിരുത്തിയതിൽ കൂടുതലായും ചെലവഴിക്കുകയും ചെയ്തതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന 10/05/2011-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 152/2011(2) നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, ബജറ്റിൽ

വകയിരുത്താതെയും ബജറ്റ് വകയിരുത്തലിൽ കൂടുതലായും 34,32,427/- രൂപ ചെലവഴിച്ചത് പുതുക്കിയ ബജറ്റ് പാസ്സാക്കാനുള്ള സമയപരിധി കഴിഞ്ഞ സാഹചര്യത്തിൽ സാധൂകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 10/09/2012-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗവും പഞ്ചായത്തിന്റെ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്തുത ചെലവ് സാധൂകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആറളം ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1-ൽ തടസ്സപ്പെടുത്തിയ 34,32,427/-രൂപ (മുപ്പത്തിനാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നാനൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ആറളം ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ